**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.47 05.06.2018-ലെ മറുപടിയ്ക്ക്

**ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.എൻ. വിജയൻ പിള്ള<br>,, ആർ. രാജേഷ്<br>,, എ. എൻ. ഷംസീർ<br>,, ആന്റണി ജോൺ** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി |
| (എ) | അടുത്ത ഒളിമ്പിക്സിൽ മെഡൽ സാധ്യത വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. അത്ലറ്റിക്സ്, ബാഡ്മിന്റൺ (ഷട്ടിൽ), ബോക്സിംഗ്, കനോയിംഗ് & കയാക്കിംഗ്, റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഫെൻസിംഗ്, ഷൂട്ടിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളാണ് ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
| (ബി) | ഏതെല്ലാം കായിക ഇനങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ഈ പദ്ധതിയിൽ എത്ര കായിക താരങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ഇവർക്ക് പരിശീലനം നൽകാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്നും അറിയിക്കാമോ; | | ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുള്ള ഷൂട്ടിംഗിൽ 10 കായിക താരങ്ങളെയും മറ്റ് 10 കായിക ഇനങ്ങളിൽ 20 കായിക താരങ്ങളെ വീതവും ഉൾക്കൊള്ളിച്ച് ആകെ 210 പേർക്ക് വിദഗ്ധ പരിശീലനം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ അത്ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിംഗ്, കനോയിംഗ് & കയാക്കിംഗ്, റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഫെൻസിംഗ് എന്നീ 8 കായിക ഇനങ്ങളിൽ ആകെ 160 പേർക്ക് പരിശീലനം നൽകുവാനാണ് തീരുമാനിച്ചിരിക്കുന്നത്. അന്തർദേശീയ, ദേശീയ, സംസ്ഥാന മത്സരങ്ങളിലെ പ്രകടനങ്ങളുടെയും കായിക ക്ഷമതയുടെയും മികവിന്റെ അടിസ്ഥാനത്തിൽ അതാത് കായിക അസോസിയേഷനുകൾ മുഖേനയാണ് കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നത്. |

| | | | |
|---|---|---|---|
| | | | ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലെ ഓരോ കായിക ഇനത്തിനും മികച്ച നിലവാരത്തിലുള്ള ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കിക്കൊണ്ട് അന്തർദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോട് കൂടി വിദഗ്ധ പരിശീലനം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതി കൂടിയാണ് ഇത്. |
| (ഡി) | ദേശീയ അന്തർദേശീയ മത്സരങ്ങളിൽ വിജയികളായ കായിക താരങ്ങൾക്ക് മുൻ സർക്കാരിന്റെ കാലത്ത് കുടിശികയായിരുന്ന ക്യാഷ് അവാർഡ് കൊടുത്ത് തീർക്കുവാൻ എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ? | (ഡി) | ദേശീയ/അന്തർദേശീയ മത്സരങ്ങളിൽ വിജയിച്ച കായിക താരങ്ങൾക്ക് 2013-14 മുതൽ 2015-16 വരെ കുടിശ്ശികയായിരുന്ന ക്യാഷ് അവാർഡ് തുകയായ 2,42,36,440/-രൂപ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ